(സി) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശിപാർശകളും കേരളത്തെ ദോഷകരമായി ബാധിക്കും എന്നുള്ള വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും റിപ്പോർട്ട് തള്ളിക്കളയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി.-മാരോടും ഈ വിഷയത്തിൽ ഇടപെടുന്നതിനും റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിലനിർത്തുന്നതിനാണ് ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

131 (136) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞവയിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക വീതം എന്നത് കണക്കാക്കി ആകെ തുകയുടെ പട്ടിക നൽകാമോ ;

(സി) ഇങ്ങനെ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത സ്ഥലങ്ങളിൽ അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സ്വീകരിച്ച തുടർനടപടികൾ എന്തെന്നും ഇതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം 32.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി)

ക്രമ നമ്പർ	പദ്ധതികൾ	ചെലവാക്കിയ തുക (ലക്ഷത്തിൽ)
(1)	(2)	(3)
1	മത്സ്യവിത്ത് ഉൽപ്പാദനം/ഹാച്ചറികൾ സ്ഥാപിക്കൽ	700.00
2	ഒരു നെല്ലും ഒരു മീനും പദ്ധതി	100.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	എഫ്.എഫ്.ഡി.എ. വഴി നടപ്പിലാക്കുന്ന ഉൾനാടൻ മത്സ്യകൃഷി	800.00
4	മത്സ്യവിഭവങ്ങളുടെസംരക്ഷണവും പരിപാലനവും	250.00
5	മത്സ്യസമൃദ്ധി	905.00
6	ഡെമോൺസ്ട്രേഷൻ ഫാമുകൾ	50.00
7	പതിമൂന്നാം ധനകാര്യകമ്മീഷൻ, കട്ടനാട് പാക്കേജ്	471.00
	ആകെ	3276.00

(സി) ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളും പഞ്ചായത്ത് തലത്തിൽ നിയമിച്ചിട്ടുള്ള അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരും ചേർന്ന് ഒരു സമിതി രൂപീകരിക്കുകയും ടി സമിതി മത്സ്യകർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും ചെയ്യുന്നു. പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലനത്തിനുമായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കൽ, കൃത്രിമ പാരുകൾ നിക്ഷേപിക്കൽ, മത്സ്യ/കൊഞ്ച് നിക്ഷേപം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. അനധികൃത മത്സ്യബന്ധനം തടയുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തി വരുന്നുണ്ട്. ഇതിനുപുറമെ കായൽ പട്രോളിംഗും നടത്തുന്നുണ്ട്. മേൽപറഞ്ഞ പദ്ധതികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ്

132 (137) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് നിർദ്ധനരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly